പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2559 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വികസന വകുപ്പിന്റെ തനത് ഭവനപദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്
ശ്രീ. എ. ഡി. തോമസ്
ശ്രീമതി രമ്യ ഹരിദാസ്
ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തനത് ഭവനപദ്ധതി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനുള്ള തനത് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭവനം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികളും അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭവനം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികളും അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, ജീർണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: നിലവിൽ ഭവനരഹിതരായിട്ടുള്ളതും, ജീർണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നതുമായ കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

പ്രത്യേക ക്ലേശ ഘടകങ്ങൾ ഉൾപ്പെടുത്തി മാർക്ക് നൽകി ഏറ്റവും അർഹരായ കുടുംബങ്ങളെ കണ്ടെത്തി ധനസഹായം നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. ഭൂരഹിതരായ കുടുംബങ്ങൾക്ക്

ഭൂമി ലഭ്യമായ ശേഷം ഭവന പദ്ധതിയിൽ പരിഗണിക്കാൻ കഴിയുന്നതാണ്.

(ഡി) പദ്ധതിയിലൂടെ അനുവദിക്കുന്ന ധനസഹായത്തിന്റെ നിരക്ക്, ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് രീതി, ധനസഹായം വിതരണം ചെയ്യുന്ന ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>മറുപടി:</u> പദ്ധതിയിലൂടെ അനുവദിക്കുന്ന ധനസഹായത്തിന്റെ നിരക്ക് സർക്കാർ പരിശോധിച്ചു വരുന്നു. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് രീതി, ധനസഹായം വിതരണം ചെയ്യുന്ന ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച് അനുബന്ധം I, IIഎന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി ആരംഭിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടികജാതി കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനുള്ള തനത് ഭവന പദ്ധതി – മാർഗ്ഗരേഖ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(കൈ) നം.36/2026/SCSTD തീയതി,തിരുവനന്തപുരം, 07-10-2026

പരാമർശം:- 1. 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗം

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 03.09.2026 -ലെ SCDD/3840/2026-B2 (DEV B) കത്ത്.

ഉത്തരവ്

കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി സുരക്ഷിതമായ ഭവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പ് പുതിയ ഭവന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. സർക്കാർ പ്രസ്തുത മാർഗ്ഗരേഖ വിശദമായി പരിശോധിച്ച്, അനുബന്ധത്തിൽ നൽകിയിട്ടുള്ളത് പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി സംബന്ധിച്ചും ഭവന നിർമ്മാണ ധനസഹായ തുക സംബന്ധിച്ചുമുള്ള ഉത്തരവുകൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്.
4. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
5. വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

തനത് ഭവന പദ്ധതി — മാർഗ്ഗരേഖ

1. പദ്ധതിയുടെ ലക്ഷ്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിത കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും സ്വന്തമായി സുരക്ഷിതവും വാസയോഗ്യവുമായ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

2. ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബമായിരിക്കണം.
2. കുടുംബത്തിന്റെ പ്രതിവർഷ വരുമാന പരിധി ₹3 ലക്ഷം ആയിരിക്കും.
3. സ്വന്തം പേരിലോ ഭാര്യ/ഭർത്താവിന്റെ പേരിലോ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ഉണ്ടായിരിക്കണം.
4. ഗ്രാമപരിധിയിൽ കുറഞ്ഞത് 2 സെന്റും നഗരപരിധിയിൽ കുറഞ്ഞത് 1 ½ സെന്റും ഭൂമി ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.
5. സ്വന്തം പേരിലോ ഭാര്യ / ഭർത്താവിന്റെ പേരിലോ വാസയോഗ്യമായ ഭവനം ഇല്ലാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്.
6. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ വകുപ്പ് മുഖേനയോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്.
7. സർ ക്കാർ /അർ ദ്ധസർ ക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിയുള്ളവർ, സർവീസ് പെൻഷൻകാർ എന്നിവർ അർഹരല്ല.
8. അപേക്ഷകർ 70 വയസ്സിന് താഴെ പ്രായമുള്ളവരും വിവാഹിതരുമായിരിക്കണം. എന്നാൽ 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെയും പരിഗണിക്കുന്നതാണ്.

3. ഗുണഭോക്തൃ പട്ടിക തയ്യാറാക്കലും തിരഞ്ഞെടുപ്പും

പട്ടികജാതി വികസന വകുപ്പ് നേരിട്ട് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്. അതിനായി താഴെപ്പറയുന്ന മാർഗങ്ങളിൽ ഒന്ന് അവലംബിക്കേണ്ടതാണ്.

(i) നേരിട്ട് അപേക്ഷ സ്വീകരിക്കൽ:

വിജ്ഞാപനം തയ്യാറാക്കി പത്രമാധ്യമങ്ങളിലൂടെ സംസ്ഥാനമൊട്ടാകെ വ്യാപകമായ പ്രചാരണം

നൽകി ഭവനരഹിതരായ മുഴുവൻ കുടുംബങ്ങളിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിക്കുക.

(ii) ഓൺലൈൻ അപേക്ഷ:

അപേക്ഷാ പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സ്വീകരിക്കുക. ഗുണഭോക്താക്കൾക്ക് നേരിട്ടോ അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷിക്കാവുന്നതാണ്.

(III) ഗുണഭോക്തൃ തിരഞ്ഞെടുപ്പ്:

1. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ക്ലേശഘടകങ്ങൾ നിശ്ചയിച്ച് ഏറ്റവും അർഹരായവർക്ക് മുൻഗണന നൽകേണ്ടതാണ്.
2. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് സുതാര്യമായ രീതിയിൽ നടത്തേണ്ടതാണ്.
3. ആധാർ മുഖേനയുള്ള തിരിച്ചറിയൽ (Aadhaar Authentication) ഉറപ്പാക്കേണ്ടതാണ്.
4. ലഭിക്കുന്ന മുഴുവൻ അപേക്ഷകളും അപേക്ഷകന്റെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ തരംതിരിക്കേണ്ടതാണ്.
5. അർഹതയുള്ളതും അർഹതയില്ലാത്തതുമായ അപേക്ഷകൾ പ്രത്യേകം പട്ടികപ്പെടുത്തുകയും അർഹതയില്ലാത്ത അപേക്ഷകളിൽ അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തുകയും വേണം.

4 . അർഹരായ അപേക്ഷകരിൽ മുൻഗണന നിശ്ചയിക്കുന്നതിനായി താഴെപ്പറയുന്ന ഓരോ ഘടകത്തിനും ഓരോ മാർക്ക് വീതം നൽകേണ്ടതാണ്:

i. വനിതകൾ മാത്രമുള്ള കുടുംബം.

ii. വിധവ കുടുംബനാഥയായിട്ടുള്ള കുടുംബം.

iii. വാർഷിക വരുമാനം ₹50,000-ൽ താഴെയുള്ള കുടുംബം.

iv. പ്രകൃതി ദുരന്തത്തെ തുടർന്ന് ഭവനം നശിച്ച /വാസയോഗ്യമല്ലാതായ കുടുംബം.

v. മാരകരോഗബാധിതർ /കിടപ്പുരോഗികൾ ഉള്ള കുടുംബം.

vi. മാനസിക /ശാരീരിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ള കുടുംബം.

vii. പട്ടികജാതി വികസന വകുപ്പ് /തദ്ദേശ സ്വയംഭരണ സ്ഥാപനം /മറ്റ് സർക്കാർ സ്ഥാപനം മുഖേന ഭൂമി ലഭിച്ചിട്ടും നാളിതുവരെ ഭവനം ലഭിക്കാത്തവർ.

viii. 60 വയസ്സിന് മേൽ പ്രായമുള്ളവർ മാത്രമുള്ളതും മക്കളില്ലാത്തതുമായ കുടുംബം.

ix. ഒന്നിലധികം ഉപകുടുംബങ്ങൾ ഉള്ള കുടുംബം.

x. മുൻപ് ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം ലഭിച്ചിട്ടില്ലാത്ത കുടുംബം.

- മേൽപ്പറഞ്ഞ ക്ലേശഘടകങ്ങൾ സംബന്ധിച്ച സർട്ടിഫിക്കറ്റുകളുടെയും മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ ഓരോ ഘടകത്തിനും മാർക്ക് നൽകി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണ്.

- ഒരേ മാർക്ക് ലഭിക്കുന്ന സാഹചര്യത്തിൽ കുറഞ്ഞ വരുമാനമുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്. വീണ്ടും തുല്യത വന്നാൽ കൂടുതൽ ഉപകുടുംബങ്ങളുള്ള അപേക്ഷകൾക്കും തുടർന്ന് കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്.

- ഒരു കുടുംബത്തിലെ ഒന്നിലധികം ഉപകുടുംബങ്ങൾക്ക് തുല്യ പരിഗണന നൽകേണ്ടതില്ല.

- തയ്യാറാക്കുന്ന മുൻഗണനാ പട്ടിക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. അംഗീകരിച്ച അന്തിമ പട്ടികയ്ക്ക് രണ്ട് വർഷത്തെ പ്രാബല്യം ഉണ്ടായിരിക്കും.

- പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വകുപ്പ് ഭൗതികലക്ഷ്യം നിശ്ചയിക്കുകയും, അതനുസരിച്ച് വകുപ്പ് തയ്യാറാക്കുന്ന അന്തിമ മുൻഗണനാ പട്ടികയിലെ ക്രമത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും വേണം.

5. പദ്ധതികളുടെ ആവർത്തനം ഒഴിവാക്കൽ

നിലവിൽ ഭവന നിർമ്മാണം /പുനരുദ്ധാരണം എന്നിവയ്ക്ക് നിരവധി സർക്കാർ പദ്ധതികൾ നിലവിലുള്ളതിനാൽ, ഒരേ ഗുണഭോക്താവിന് ഒന്നിലധികം ഭവന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കാൻ (overlapping) നിർവഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. പ്രത്യേക പരിഗണനാ വിഭാഗം

- അരുന്ധതിയാർ, ചക്ലിയ, കള്ളാടി, നായാടി, വേടൻ എന്നീ പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭിക്കുന്നുണ്ടെന്ന് പട്ടികജാതി വികസന ഓഫീസർമാർ പട്ടികജാതി വികസന പ്രമോട്ടർമാർ മുഖേന ഉറപ്പാക്കേണ്ടതാണ്.

- പ്രസ്തുത അഞ്ച് വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പ്രത്യേകം തരംതിരിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കി, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക ഭവന പദ്ധതിയിൽ പരിഗണിക്കേണ്ടതാണ്.

7. ഗുണഭോക്തൃ സംഗമവും കരാറും

- തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്കായി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ ഗുണഭോക്തൃ സംഗമം വിളിച്ചുചേർക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം ഗുണഭോക്താക്കൾ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

- രേഖകൾ ഹാജരാക്കിയ എല്ലാ ഗുണഭോക്താക്കളുമായും ₹200/- മുദ്രപത്രത്തിൽ കരാർ

നിർവഹിക്കേണ്ടതാണ്.

- കരാറിൽ പദ്ധതി സംബന്ധിച്ച എല്ലാ നിബന്ധനകളും, വിവിധ ഘട്ടങ്ങളിലെ ധനസഹായ വിതരണം, അനുവദിച്ച തുകയ്ക്കുള്ളിലെ നിർമ്മാണം, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കൽ, അടുത്ത 15 വർഷത്തേക്ക് ഭൂമിയും ഭവനവും കൈമാറ്റം ചെയ്യാതിരിക്കൽ തുടങ്ങിയ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

- ഗുണഭോക്താവുമായി ഏർപ്പെടുന്ന കരാറിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ, വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കേണ്ടതിന്റെ ആവശ്യകത, സർക്കാർ അനുവദിച്ച തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തിയായിരിക്കും ധനസഹായം അനുവദിക്കുന്നത്, പദ്ധതിയുടെ ഘടനയിൽ മാറ്റം വരുത്താൻ പാടുള്ളതല്ല തുടങ്ങിയ വ്യവസ്ഥകളും വ്യക്തമായി ഉൾപ്പെടുത്തേണ്ടതാണ് .

8. ഗഡുക്കളും ധനസഹായവും

ധനസഹായം നാല് ഗഡുക്കളായി താഴെപ്പറയുന്ന രീതിയിൽ അനുവദിക്കേണ്ടതാണ്.

ഗഡു	**നിർമ്മാണ ഘട്ടം**	**ധനസഹായം**
I	ബിൽഡിംഗ് പെർമിറ്റ് ലഭിച്ച് കരാർ ഒപ്പിടുമ്പോൾ – തറ/ഫൗണ്ടേഷൻ നിർമ്മിക്കുന്നതിന്	15%
II	ബേസ്മെന്റ് പൂർത്തിയാകുമ്പോൾ – ഭിത്തി നിർമ്മിക്കുന്നതിന്	30%
III	ചുമർ ഉയരം പൂർത്തിയാകുമ്പോൾ – മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും തുടർന്ന് പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, ടോയിലറ്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും	40%
IV	എല്ലാ പ്രവൃത്തികളും പൂർത്തിയായി വീട് വാസയോഗ്യമാകുമ്പോൾ	15%

- ഒന്നാം ഗഡു അനുവദിച്ച തീയതി മുതൽ 12 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

- ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് DBT(Direct Benefit Transfer) Portal മുഖേന നേരിട്ട് തുക ക്രെഡിറ്റ് ചെയ്യേണ്ടതാണ്.
- പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ധനസഹായം അനുവദിക്കുമ്പോൾ അനുവദിച്ച തുകയ്ക്കുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

9. ഭവനത്തിന്റെ വലിപ്പവും സൗകര്യങ്ങളും

1. പദ്ധതിയിൽ നിർമ്മിക്കുന്ന ഭവനത്തിന് 500 ചതുരശ്ര അടി (46.45 ചതുരശ്ര മീറ്റർ) പ്ലിന്ത്

ഏരിയ ഉണ്ടായിരിക്കണം.

2. കുറഞ്ഞത് 25 വർഷമെങ്കിലും ഈടുനിൽക്കുന്ന സ്ഥിരമായ ഭിത്തിയും മേൽക്കൂരയും ഉണ്ടായിരിക്കണം.

3. ഭവനത്തിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കണം:

   i. അടുക്കള;

   ii. ഡ്രോയിംഗ് കം ഡൈനിംഗ് ഹാൾ;

   iii. രണ്ട് കിടപ്പുമുറികൾ;

   iv. സെപ്റ്റിക് ടാങ്കോടുകൂടിയ ടോയ്ലറ്റ്;

   v. കോൺക്രീറ്റ് മേൽക്കൂര;

   vi. അടച്ചുറപ്പുള്ള വാതിലുകൾ;

   vii. ടോയ്ലറ്റിൽ ഒരു പ്ലംബിംഗ് പോയിന്റും അടുക്കളയിൽ ഒരു പ്ലംബിംഗ് പോയിന്റും;

   viii. കുറഞ്ഞത് മൂന്ന് ഇലക്ട്രിക്കൽ പോയിന്റുകൾ;

   ix. സിമന്റ് കോൺക്രീറ്റ് ഫ്ലോറിംഗ്.

10. നിർവഹണ രീതി

1. ഗുണഭോക്താവ് സ്വയം വീട് നിർമ്മിക്കുകയോ സ്വന്തം മേൽനോട്ടത്തിൽ നിർമ്മാണം നടത്തുകയോ ചെയ്യേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റ് ലഭിച്ചതിന് ശേഷമേ നിർമ്മാണം ആരംഭിക്കാവൂ.

2. കൂട്ടുസ്വത്തായോ മറ്റ് കുടുംബാംഗങ്ങളുടെ പേരിലോ ഉള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്ന പക്ഷം ബന്ധപ്പെട്ട കുടുംബാംഗങ്ങളുടെ സമ്മതപത്രം ₹200/- മുദ്രപത്രത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങേണ്ടതാണ്.

3. തീരദേശ മേഖലകളിൽ ഭവന നിർമ്മാണം നടത്തുമ്പോൾ നിലവിലുള്ള തീരദേശ പരിപാലന നിയമം (CRZ - Rules and Regulations) കർശനമായി പാലിക്കേണ്ടതാണ്.

11. നിർമ്മാണത്തിന്റെ പരിശോധനയും ഗഡു അനുവദിക്കലും

1. ഓരോ നിർമ്മാണഘട്ടവും പൂർത്തിയാകുമ്പോൾ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/വകുപ്പിലെ അക്രഡിറ്റഡ് എൻജിനീയർ പരിശോധന നടത്തി ഘട്ടം പൂർത്തിയായെന്ന് ഉറപ്പാക്കേണ്ടതാണ്.

2. അക്രഡിറ്റഡ് എൻജിനീയർ ഓരോ ഘട്ടവും നേരിൽ പരിശോധിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തി സൈറ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

3. ഒന്നാം ഗഡു അനുവദിക്കുന്നതിന് മുമ്പ് അക്രഡിറ്റഡ് എൻജിനീയർ സ്ഥലപരിശോധന നടത്തേണ്ടതാണ്. വാസയോഗ്യമല്ലാത്ത ഭവനം നിലവിലുള്ള ഗുണഭോക്താക്കളുടെ കാര്യത്തിൽ പുതിയ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് സൈറ്റ് ക്ലിയറൻസ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. ഓരോ ഘട്ടത്തിലും മുൻഘട്ടത്തിൽ അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ്/ മറ്റ് ആവശ്യമായ രേഖകൾ ഹാജരാക്കുകയും പരിശോധിച്ച് ഉറപ്പാക്കുകയും ചെയ്തശേഷം മാത്രമേ തുടർ ഗഡു അനുവദിക്കാവൂ.

5. നിർവഹണ ഉദ്യോഗസ്ഥൻ എല്ലാ ഘട്ടങ്ങളും പരിശോധിക്കേണ്ടതും, രണ്ടാം ഗഡുവും അവസാന ഗഡുവും അനുവദിക്കുന്നതിന് മുമ്പ് നിർബന്ധമായും സൈറ്റ് സന്ദർശനം നടത്തേണ്ടതുമാണ്.

6. അവസാന ഗഡു അനുവദിക്കുന്നതിന് മുമ്പ് അസിസ്റ്റന്റ് എൻജിനീയർ റാങ്കിൽ കുറയാത്ത എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

12. ജിയോ ടാഗിംഗ്

പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ ഭവനത്തിന്റെയും നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും Geo-tagging നടത്തി നിർമ്മാണ പുരോഗതി ട്രാക്ക് ചെയ്യേണ്ടതാണ്.

13. നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വം

1. ബന്ധപ്പെട്ട ബ്ലോക്ക് /നഗരസഭ /കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസറായിരിക്കും നിർവഹണ ഉദ്യോഗസ്ഥൻ

2. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന രേഖകൾ പരിശോധിക്കുന്നതും, പ്രവൃത്തിയുടെ പുരോഗതി നേരിൽ പരിശോധിക്കുന്നതും, അനുവദിക്കുന്ന ധനസഹായവും നിർമ്മാണ പുരോഗതിയും തമ്മിൽ പൊരുത്തമുണ്ടെന്ന് ഉറപ്പാക്കുന്നതും നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായിരിക്കും.

3. ഫണ്ട് അനുവദിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട രേഖകളും മുൻഘട്ടത്തിലെ വിനിയോഗവും (UC) നിർമ്മാണ പുരോഗതിയും നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

4. പദ്ധതി ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതായതിനാൽ, പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സംബന്ധിച്ച് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ജില്ലാ പട്ടികജാതി വികസന ഓഫീസർ/പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/സർക്കാർ എന്നിവർക്ക് പ്രതിമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

14. പൊതുവ്യവസ്ഥകൾ

1. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

2. പദ്ധതിയുടെ നടത്തിപ്പിൽ സാമ്പത്തിക അച്ചടക്കം, സുതാര്യത, ഗുണഭോക്താക്കളുടെ യഥാർത്ഥ അർഹത, നിർമ്മാണത്തിന്റെ ഗുണനിലവാരം എന്നിവ ഉറപ്പാക്കേണ്ടതാണ്.

3. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

സ.ഉ.(കൈ) നം.37/2026/SCSTD തീയതി,തിരുവനന്തപുരം, 07-10-2026

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ 2026-27 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ "പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കും" എന്ന് പ്രഖ്യാപിച്ചിരുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്
4. കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
6. എല്ലാ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ
7. ഐ & പി.ആർ.ഡി (വെബ്&ന്യൂമീഡിയ)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (E1/123/2026-SCSTDD)

ഉത്തരവിൻ പ്രകാരം

Digitally signed by
Abhilash Kumar V S
Date: 07-10-2026
19:22:59

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

1. ആമുഖം

കേരളത്തിലെ പട്ടികവർഗ്ഗ ഭവനരഹിത കുടുംബങ്ങൾക്ക് താമസ യോഗ്യമായ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക എന്നതും, അങ്ങനെ 5 വർഷം കൊണ്ട് എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം ഉറപ്പു വരുത്തുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

2. പദ്ധതി ഘടകങ്ങൾ

1. നിലവിൽ ഭവനരഹിത കുടുംബങ്ങളായിട്ടുള്ളവയും നാളിതുവരെ ഭവന നിർമ്മാണ ധനസഹായം ലഭ്യമായിട്ടില്ലാത്തതുമായ കുടുംബങ്ങൾക്കാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുക.
2. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം.
3. ഭവന നിർമ്മാണ ധനസഹായത്തിന്റെ അവസാന ഗഡു കൈപ്പറ്റി 15 വർഷമോ അതിലധികമോ ആയിട്ടുള്ള വീടുകൾ, പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കുന്നതിന് കഴിയില്ല എന്നുള്ള പഞ്ചായത്ത്/നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം സഹിതമുള്ള ഗുണഭോക്താക്കൾക്ക് പുതിയ വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കും.

3. അർഹത മാനദണ്ഡങ്ങൾ

1. ഗുണഭോക്താവ് കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാൾ ആയിരിക്കണം. മിശ്രവിവാഹിതരുള്ള കുടുംബങ്ങളിൽ സ്ഥലത്തിന്റെ ഉടമ പട്ടികവർഗ്ഗക്കാരനായിരിക്കണം.
2. മിശ്രവിവാഹിതരൊഴികയുള്ള ഗുണഭോക്താക്കളിൽ, ഗുണഭോക്താവിന്റെയൊ കുടുംബാംഗങ്ങളുടെയോ പേരിൽ വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കൈവശമായി ഉണ്ടായിരിക്കണം.
3. വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ബന്ധപ്പെട്ട ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഉറപ്പു വരുത്തണം. പ്രസ്തുത ഭൂമിയുടെ പട്ടയം, ഉടമസ്ഥാവകാശ രേഖ, കരം അടച്ച രസീത്, വനാവകാശ രേഖ ലഭിക്കാത്തവർക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/ ഫോറസ്റ്റ് റേഞ്ച് ഓഫീസർ/ ബന്ധപ്പെട്ട മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ ആരുടെയെങ്കിലും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കാവുന്നതാണ്.

4. കൂട്ടുസ്വത്തിലോ മറ്റ് കുടുംബാംഗങ്ങളുടെ പേരിലോ ഉള്ള വസ്തുവിൽ വീട് നിർമ്മിക്കുമ്പോൾ **200** രൂപ മുദ്ര പത്രത്തിൽ ബന്ധപ്പെട്ട കുടുംബാംഗങ്ങളുടെ സമ്മത പത്രം അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.
5. പ്രതിവർഷം **3** ലക്ഷം രൂപയോ അതിന് താഴെയോ വരുമാനമുള്ള കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.
6. സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലി ഉള്ളവരുടെ കുടുംബങ്ങളും വാർഷിക പെൻഷൻ **3** ലക്ഷം രൂപയിൽ അധികരിച്ച പെൻഷൻകാരുടെ കുടുംബങ്ങളും പദ്ധതിയിൽ പരിഗണിക്കപ്പെടുന്നതിന് അർഹരല്ല.
7. **3** ലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പാർട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും പ്ലാന്റേഷൻ തൊഴിലാളികൾക്കും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്.
8. ഗുണഭോക്താക്കൾക്ക് സ്വന്തമായി റേഷൻ കാർഡ് ഉണ്ടായിരിക്കണം അല്ലെങ്കിൽ കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കണം. റേഷൻ കാർഡില്ലാത്ത യോഗ്യതയുള്ള ഗുണഭോക്താക്കൾ ഉള്ള പക്ഷം പി.ഒ/ റ്റി.ഡി.ഒ നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്തി ഗുണഭോക്താവായി അംഗീകരിക്കാവുന്നതാണ്.
9. ഏതെങ്കിലും പ്രകൃതി ദുരന്തത്തിലോ വന്യജീവിയുടെ ആക്രമണത്താലോ വീട് പൂർണമായി നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ കുടുംബത്തിന് മറ്റ് അർഹതാ മാനദണ്ഡങ്ങൾ / മുൻഗണന മാനദണ്ഡങ്ങൾ കണക്കിലെടുക്കാതെ പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എൽ.എസ്.ജി.ഡി / ഐ. റ്റി. ഡി. പി. അസി. എഞ്ചിനീയർ, വില്ലേജ് ഓഫീസർ/ ഫോറസ്റ്റ് റേഞ്ച് ഓഫീസർ എന്നിവരുടെ സംയുക്ത പരിശോധനയ്ക്ക് വിധേയമായി പദ്ധതി ധനസഹായം അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.
10. ഗുണഭോക്താവ്, ഭവന നിർമ്മാണ ധനസഹായം വിനിയോഗിച്ച് വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് ഭൂസംരക്ഷണ ഭിത്തി അനിവാര്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് ബോധ്യപ്പെടുന്ന പക്ഷം വകുപ്പിന്റെ ഇതര പദ്ധതിയിലോ/തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയുള്ള ഏതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി സംരക്ഷണഭിത്തി നിർമ്മിച്ച ശേഷമോ അല്ലെങ്കിൽ സംരക്ഷണഭിത്തി നിർമ്മാണത്തിന് അനുമതി ലഭ്യമാകും/ സ്വന്തമായി നിർമ്മിക്കും എന്ന് ഉറപ്പ് വരുത്തിയ ശേഷം ഭവന നിർമ്മാണ ധനസഹായം അനുവദിക്കാം.
11. ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക്, പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ലാൻഡ് ബാങ്ക് പദ്ധതി **(**സ.ഉ(എം.എസ്) നം. **21/2018** പജപവവിവ തീയതി: **03-03-2018)** / **5** സെന്റ്, **3** സെന്റ് ഭൂമി വാങ്ങി നൽകുന്ന

പദ്ധതി (സ.ഉ(കൈ) നം. **44/2025** പജപവവിവ തീയതി: **10-11-2025**)/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മറ്റേതെങ്കിലും സർക്കാർ വകുപ്പുകൾ, ഏജൻസികൾ, എൻ.ജി.ഒകൾ മുഖേന ഭൂമി ലഭിക്കുകയോ സ്വയം ഭൂമി ആർജ്ജിക്കുകയോ ചെയ്യുന്ന ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾ, മറ്റ് അർഹതാ മാനദണ്ഡ പ്രകാരം യോഗ്യരെങ്കിൽ ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിക്കാവുന്നതാണ്.

12. ലൈഫ് പട്ടികയിൽ ഉൾപ്പെട്ടതും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരും മറ്റ് ഭവനിർമ്മാണ ധനസഹായം ലഭിക്കാത്തവരുമായ പട്ടികവർഗ്ഗക്കാരും ഈ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

4. മുൻഗണന മാനദണ്ഡങ്ങൾ

ക്ര.നം	മാനദണ്ഡം	ലഭ്യമാക്കേണ്ട രേഖകൾ	മാർക്ക്
1.	ഭർത്താവ് മരണപ്പെട്ട് / ദീർഘകാലമായി (7 വർഷത്തിലധികം) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട വനിതകൾ കുടുംബനാഥയായ കുടുംബം	വിധവ സർട്ടിഫിക്കറ്റ് / വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം	6
2.	ഭിന്നശേഷിക്കാർ / മാരകരോഗം ബാധിച്ചവർ / മാനസികരോഗികൾ / കിടപ്പു രോഗികളുള്ള കുടുംബം / സിക്കിൾ സെൽ അനീമിയ രോഗികൾ ഉള്ള കുടുംബം	ബന്ധപ്പെട്ട മെഡിക്കൽ സാക്ഷ്യപത്രം	4
3.	രണ്ടിലധികം വിദ്യാർത്ഥികളുള്ള കുടുംബം	റേഷൻ കാർഡ് / സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം	2
4.	**1,00,000**/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബം	വരുമാന സർട്ടിഫിക്കറ്റ്	3
5.	പ്രാക്തന ഗോത്രവർഗ്ഗ കുടുംബം/നൊമാഡിക് സ്വാഭാവം പുലർത്തുന്ന മലപണ്ടാര കുടുംബം/ അടിയ/ പണിയ/ അതീവ ദുർബ്ബലഗോത്ര വിഭാഗത്തിൽപ്പെട്ട	ജാതി സർട്ടിഫിക്കറ്റ്	3

	കുടുംബങ്ങൾ		
6.	രണ്ടിലധികം ഉപകുടുംബങ്ങളുള്ള കുടുംബം	റേഷൻ കാർഡ്	2
	ആകെ മാർക്ക്		**20**

5. <u>ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - പദ്ധതി നടത്തിപ്പ്</u>

1. ഭവനരഹിതരുടെ പട്ടിക ടൈബൽ എക്സ്റ്റൻഷൻ ഓഫീസ് തലത്തിൽ തയ്യാറാക്കേണ്ടതാണ്. പട്ടിക തയ്യാറാക്കേണ്ട ചുമതല അതത് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കായിരിക്കും.
2. അർഹരായ ഗുണഭോക്താക്കളാരും വിട്ടുപോയിട്ടില്ല എന്ന് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും പട്ടിക സമർപ്പിക്കുമ്പോൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
3. എസ്.റ്റി പ്രമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, അക്രഡിറ്റഡ് ഓവർസിയർ/ എഞ്ചിനീയർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, താമസയോഗ്യമല്ലാത്ത വീടുള്ളവർ എന്നിവരുടെ പ്രാഥമിക വിവര ശേഖരണം ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടത്തേണ്ടതാണ്. വിവര ശേഖരണം നടത്തുമ്പോൾ ഊരുമൂപ്പൻ, ഊരിലെ ഒരു വനിത പ്രതിനിധി എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതാണ്.
4. വിവരശേഖരണം നടത്തി ലഭിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യം ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ നേരിട്ട് പരിശോധിക്കേണ്ടതും പരിശോധന റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ഭൗതിക പരിശോധനയുടെ അടിസ്ഥാനത്തിലും, മുൻഗണന മാനദണ്ഡങ്ങൾ പാലിച്ചും, രേഖകളുടെ അടിസ്ഥാനത്തിലും മുൻഗണന പട്ടിക തയ്യാറാക്കേണ്ടതാണ്.

5. ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ അംഗീകരിച്ച പട്ടിക മിനിട്സ് സഹിതം ഐ.റ്റി.ഡി.പി പ്രൊജക്ട് ഓഫീസർ/ ടൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും പി.ഒ/റ്റി.ഡി.ഒ-മാർ ടൈബൽ എക്സ്റ്റൻഷൻ ഓഫീസ് തിരിച്ച് പട്ടിക പ്രസിദ്ധീകരിക്കേണ്ടതുമാണ്.
6. പട്ടികയുടെ കാലാവധി 2 വർഷമായിരിക്കും. എന്നാൽ എല്ലാ വർഷവും ആവശ്യമുള്ളപക്ഷം താഴെപ്പറയുന്ന സാഹചര്യങ്ങളിൽ പട്ടികയിൽ മാറ്റം വരുത്താവുന്നതാണ്. ഇത്തരത്തിൽ മാറ്റം വരുത്തുന്ന പ്രക്രിയ

എല്ലാവർഷവും മാർച്ച് മാസത്തിന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. പുതിയ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻഗണന നിശ്ചയിച്ച് പട്ടിക പുനഃക്രമീകരിക്കാവുന്നതാണ്.

ഭേദഗതി ചെയ്യാവുന്ന സാഹചര്യങ്ങൾ
1. പട്ടികയിൽ ഗുണഭോക്താവിനെ പുതിയതായി ഉൾപ്പെടുത്തുന്നത്
• ആവശ്യമായ ഭൂമി ലഭിക്കുക. • സ്ഥിര ജോലി ഇല്ലാതാകുകയും വരുമാനം 3 ലക്ഷം രൂപയിൽ താഴെ ആകുകയും ചെയ്യുക. • 15 വർഷം കഴിഞ്ഞ ഭവനം വാസയോഗ്യമല്ലാതാകുക. • ഭവനം പ്രകൃതിക്ഷോഭം/ വന്യമൃഗശല്യം കാരണം നഷ്ടപ്പെടുക. • പുതിയ കുടുംബം രൂപപ്പെടുക. • ഗുണഭോക്താവിന്റെ മരണത്തെ തുടർന്ന് അവകാശിയെ പകരം ഉൾപ്പെടുത്തുന്നത്.
2. പട്ടികയിൽ നിന്നും ഗുണഭോക്താവിനെ ഒഴിവാക്കുന്നത്
• ഗുണഭോക്താവിന് ധനസഹായം ആവശ്യമില്ല/ഗുണഭോക്താവിന് വീട് ലഭ്യമായി. • ഗുണഭോക്താവ് മരണപ്പെടുക. • ഗുണഭോക്താവിന് ഭൂമി നഷ്ടപ്പെടുക. • ഗുണഭോക്താവിന്റെ ധനസ്ഥിതിയിൽ (വരുമാനം) മാറ്റം വരിക.

7. പദ്ധതിയുടെ ഫീൽഡ് തല നിർവ്വഹണ ചുമതല ടൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ആയിരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സർവ്വേ, പട്ടിക തയ്യാറാക്കൽ, അർഹത/ മുൻഗണന മാനദണ്ഡപ്രകാരമുള്ള രേഖകളുടെ പരിശോധന, ഗുണഭോക്താക്കളുമായി കരാർ വെയ്ക്കുന്നതിനുള്ള ചുമതല, സ്ഥല പരിശോധന നടത്തുക, ഭവന നിർമ്മാണ പുരോഗതി വിലയിരുത്തുക, ഗുണഭോക്താക്കൾക്ക് ബോധവത്കരണ പരിപാടി സംഘടിപ്പിക്കുക, ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ തലത്തിൽ മോണിട്ടറിംഗ് നടത്തുക, ഭവന നിർമാണ സ്റ്റേജുകൾ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ചു തുടർ ഗഡു അനുവദിക്കുന്നതിനുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് സമർപ്പിക്കുക, നിർമ്മാണ പൂർത്തീകരണം ഉറപ്പ് വരുത്തുക, ഭവന പൂർത്തീകരണ സാക്ഷ്യപത്രം നൽകുക എന്നിവ ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലകളാണ്.

8. പട്ടിക അന്തിമമാക്കുക, കാലോചിതമായി പരിഷ്കരിക്കുക, ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായ തുക അനുവദിക്കുക, ഭൂരഹിത ഭവനരഹിതർക്ക് ഭൂമി കണ്ടെത്തി നൽകുക, പദ്ധതി മോണിട്ടറിംഗ് ഉറപ്പ് വരുത്തുക, മറ്റ് വകുപ്പുകളുടെ ജില്ലാതല ഏകോപനം ഉറപ്പു വരുത്തുക എന്നത് പ്രൊജക്ട് ഓഫീസർ/ ടൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ ചുമതലയാണ്.
9. ഈ പദ്ധതിയുടെ ജില്ലാതല നോഡൽ ഓഫീസർ അതത് പ്രോജക്ട് ഓഫീസ് / ടൈബൽ ഡെവലപ്മെന്റ് ഓഫീസുകളിലെ അസി. പ്രോജക്ട് ഓഫീസർ/ അസി. ടൈബൽ ഡെവലപ്മെന്റ് ഓഫീസർ ആയിരിക്കും. അസി.പ്രോജക്ട് ഓഫീസർ/ അസി.ടൈബൽ ഡെവലപ്മെന്റ് ഓഫീസർ തസ്തിക ലഭ്യമല്ലാത്ത ഓഫീസുകളിൽ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ / ജൂനിയർ സൂപ്രണ്ടുമാർ മേൽപ്പറഞ്ഞ ചുമതല നിർവഹിക്കേണ്ടതാണ്. കരാർ/ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി തുക ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെട്ടു എന്ന് ഉറപ്പ് വരുത്തുക, ജില്ലാ തലത്തിൽ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ സൂക്ഷിക്കുക, ടൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ നിന്നും മാസാന്ത്യ റിപ്പോർട്ടുകളുടെ ശേഖരണം, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക്/സർക്കാരിന് മാസാന്ത്യ റിപ്പോർട്ടുകൾ നൽകുക, ഫീൽഡ് ഓഫീസുകളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നിർവ്വഹണത്തിൽ പി.ഒ/ റ്റി.ഡി.ഒ-മാരെ സഹായിക്കുക എന്നിവ ജില്ലാതല നോഡൽ ഓഫീസറുടെ ചുമതലയാണ്.
10. ഗുണഭോക്താവും പി.ഒ/ റ്റി.ഡി.ഒ- യും തമ്മിൽ പദ്ധതി സംബന്ധിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള കരാർ ഒപ്പിടേണ്ടതാണ്. കരാർ ഒപ്പു വെച്ച് **10** ദിവസത്തിനകം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒന്നാം ഗഡു ഗുണഭോക്താവിന് അനുവദിക്കേണ്ടതാണ്.
11. അന്തിമ ഗുണഭോക്തൃ പട്ടിക എല്ലാ പട്ടികവർഗ്ഗ വികസന ഓഫീസുകളിലും, വകുപ്പിന്റെ വെബ്സൈറ്റിലും, ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും പ്രദർശിപ്പിക്കേണ്ടതാണ്.
12. മതിയായ അറിയിപ്പ് നല്കി ഗുണഭോക്തൃ സംഗമം നടത്തേണ്ടതും, പ്രസ്തുത സംഗമത്തിൽ പദ്ധതിയുടെ വിശദ വിവരങ്ങൾ, നിർമ്മാണ രീതി, ഗഡുക്കൾ ലഭിക്കുന്ന രീതി, പരിശോധന സംവിധാനം, നിർമ്മാണ രീതിയുടെ നിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത എന്നിവ ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തേണ്ടതുമാണ്.
13. **60** വയസ്സിന് മുകളിൽ പ്രായമുള്ളതും ഒറ്റയ്ക്ക് താമസിക്കുന്നതുമായ ഗുണഭോക്താക്കളെ പരിഗണിക്കുമ്പോൾ അവരുടെ കുടുംബ പശ്ചാത്തലം,

ഭവന നിർമ്മാണ പൂർത്തീകരണം, മറ്റ് സംരക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കൽ, ആരോഗ്യ സംരക്ഷണം എന്നിവ പരിഗണിച്ച് ഉചിതമായ തീരുമാനം ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

14. ജില്ലകളിൽ നിന്നും ലഭ്യമാകുന്ന ഭവനരഹിത അന്തിമ ലിസ്റ്റ് പ്രകാരം പി.ഒ/ടി.ഡി.ഒമാർക്ക് അതത് വർഷം ധനസഹായം അനുവദിക്കാവുന്ന ഗുണഭോക്താക്കളുടെ എണ്ണം വകുപ്പ് ഡയറക്ടർ നിശ്ചയിച്ച് നൽകുന്നതാണ്.
15. ജില്ലയിലെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കി ഭവനം അനുവദിക്കുന്നതിനുള്ള നടപടി അതത് പി.ഒ/ റ്റി.ഡി.ഒ മാർ സ്വീകരിക്കേണ്ടതും പദ്ധതി കാലയളവിൽ ഭൂരഹിതർക്കെല്ലാം ഭവനം ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
16. എല്ലാമാസവും പി.ഒ/റ്റി.ഡി.ഒ മാർ ഭവന നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് റ്റി.ഇ.ഓ മാരുടെ യോഗം വിളിച്ചു ചേർക്കേണ്ടതും ആയതിന്റെ മിനിറ്റ്സ് പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
17. ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ട കാലയളവ് കരാർ തീയതി മുതൽ ഒരു വർഷമായിരിക്കും. ഏതെങ്കിലും കാരണത്താൽ മേൽപ്പറഞ്ഞ കാലയളവിൽ പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സമയപരിധി നീട്ടി നൽകുന്നതിനുള്ള അധികാരം പി.ഒ / റ്റി.ഡി.ഒ മാരിൽ നിഷിപ്തമായിരിക്കും.
18. ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഗുണഭോക്താവിനെ സംബന്ധിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഈ പദ്ധതി നടത്തിപ്പിന്റെ വിവരങ്ങൾ വകുപ്പിന്റെ സർവീസ് പോർട്ടൽ/ ഭവനനിർമ്മാണം സംബന്ധിച്ച പ്രത്യേക പോർട്ടലിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ വിവരങ്ങൾ, പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ/നടപടിക്രമങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതാണ്.

6. വീടിന്റെ വലിപ്പവും സൗകര്യങ്ങളും

കുറഞ്ഞത് **500** ചതുരശ്രയടി **(46.45** ചതുരശ്രമീറ്റർ) തറ വിസ്തീർണ്ണമുള്ള **(Plinth area)** ഭവനമാണ് പദ്ധതിയിൽ നിർമ്മിക്കേണ്ടത്. ഇതിൽ അടുക്കള, ഡ്രോയിംഗ് കം ഡൈനിങ്ങ് റൂം, രണ്ട് കിടപ്പ് മുറി, സെപ്റ്റിക് ടാങ്ക് ഉള്ള ടോയിലറ്റ് എന്നിവ ഉണ്ടായിരിക്കണം. വീടുകളുടെ മുൻ-പിൻ വാതിലുകൾ, അടയ്ക്കാൻ കഴിയുന്ന ജനലുകൾ, പ്ലംബിങ്ങ് **(1** പോയിന്റ് ടോയിലെറ്റ്, **1** പോയിന്റ് അടുക്കള) വയറിംങ്ങ് (മിനിമം **3** പോയിന്റ്), ഫ്ലോറിംങ്ങ് (ടൈൽ/സിമന്റ്,), പ്ലാസ്റ്ററിംങ്ങ്, പെയിന്റിംഗ് എന്നിവ ആവശ്യമാണ്. വീടിന് സ്ഥിരമായ കോൺക്രീറ്റ് മേൽക്കൂര നൽകേണ്ടതാണ്. അതീവ ദുർഘടവും, പാരിസ്ഥിതിക ദുർബലവും ആയ മേഖലകളിൽ കോൺക്രീറ്റ് അല്ലാതെയുള്ള മേൽക്കൂര (ആസ്ബസ്റ്റോസ് ഷീറ്റ് ഒഴിച്ച്)

ബന്ധപ്പെട്ട ജില്ലാ ഓഫീസറുടെ പ്രത്യേക അനുമതിയോടെ നിർമ്മിക്കാവുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ തറ വിസ്തീർണ്ണത്തിൽ നിന്നും **50** ചതുരശ്രയടി അളവ് വരെ കുറവ് വരുത്തുന്നതിന് ബന്ധപ്പെട്ട പി.ഒ/റ്റി.ഡി.ഒ അനുമതി നൽകാവുന്നതാണ്. ഇതിനു പുറമെ നൂതന നിർമ്മാണ മാർഗ്ഗങ്ങളായ പ്രീഫാബ്രിക്കേറ്റഡ് സ്ട്രക്ചർ പോലുള്ള രീതികൾ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെ സ്വീകരിക്കാവുന്നതാണ്.

7. നിർവ്വഹണ രീതി

1. നേരിട്ടുള്ള നിർമ്മാണം
2. ഗോത്രജീവിക സംഘം മുഖേന
3. അക്രഡിറ്റഡ് ഏജൻസികൾ മുഖേന

ഗുണഭോക്താക്കൾ നേരിട്ടുള്ള നിർമ്മാണം നടത്തുന്നതിനാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. സ്വയം വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താക്കളെ പ്രാപ്തരാക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ പി.ഒ /റ്റി.ഡി.ഒ / റ്റി.ഇ.ഓ മാർ ആവശ്യാനുസരണം നടത്തേണ്ടതാണ്. ഗുണഭോക്താവിന് സ്വയം ഭവനം നിർമ്മിക്കുന്നതിന് കഴിയില്ല എന്ന് റ്റി.ഇ.ഒ സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ **2**-ാമത്തെ നിർവ്വഹണരീതിയും, അതിനും സാധ്യതയില്ലെങ്കിൽ മാത്രം **3**-ാമത്തെ നിർവ്വഹണ രീതിയും സ്വീകരിക്കേണ്ടതാണ്.

1. നേരിട്ടുള്ള നിർവ്വഹണം

ഗുണഭോക്താവ് ഭവന നിർമ്മാണം നേരിട്ട് ചെയ്യുന്ന നിർമ്മാണ രീതിയാണിത്. ഗുണഭോക്താവ് നേരിട്ട് സാധനസാമഗ്രികളും, നിർമ്മാണ തൊഴിലാളികളെയും സംഘടിപ്പിച്ച്/ക്രമീകരിച്ച് നിർമ്മാണം നടത്തേണ്ടതും, നിർമ്മാണ പുരോഗതി കണക്കിലെടുത്ത് വിവിധ ഗഡുക്കളായി തുക അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവ് സ്വയം വീട് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട/ പാലിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

2. ഗോത്രജീവിക സംഘങ്ങൾ /മറ്റു സഹകരണ സംഘങ്ങൾ

പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം നടത്തുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പ് രൂപീകരിച്ച ഗോത്രജീവിക സംഘങ്ങൾ മുഖേനയും സിവിൽ എഞ്ചിനിയറിംഗ് മേഖലകളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സ്റ്റാർട്ട്അപ്പുകൾ, പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവരെ പരിഗണിക്കാവുന്നതും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അനുമതി വാങ്ങി, ഭവന നിർമ്മാണ ചുമതല നൽകാവുന്നതുമാണ്. ധനസഹായം അനുവദിക്കുന്നത് വകുപ്പിന്റെ യൂണിറ്റ് നിരക്ക് പ്രകാരമായിരിക്കും. ഇപ്രകാരം സംഘത്തെ ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ രേഖാമൂലമുള്ള സമ്മതം വാങ്ങേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഗഡുക്കൾ അനുവദിക്കുന്ന രീതിയിൽ പട്ടിക വർഗ്ഗ സംഘങ്ങൾക്ക് തുക അനുവദിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച്

ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പി.ഒ/ റ്റി.ഡി.ഒ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടം ഉണ്ടായിരിക്കേണ്ടതാണ്. ഈ നിർവ്വഹണ രീതി സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

3. അക്രഡിറ്റഡ് ഏജൻസികൾ

നിലവിലെ സർക്കാർ ചട്ടങ്ങൾ പ്രകാരം അംഗീകൃത ഏജൻസികൾ മുഖേന ഭവന നിർമ്മാണം നിർവ്വഹിക്കാവുന്നതാണ്. ആയതിന് ഗുണഭോക്താക്കളുടെ രേഖാമൂലമുള്ള സമ്മതം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ പദ്ധതി നിർവ്വഹിക്കേണ്ട സാഹചര്യം നിലവിലുണ്ട് എന്ന് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പി.ഒ/ റ്റി.ഡി.ഒ എന്നിവർക്ക് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ നിർവ്വഹണ രീതി സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

8. ഗഡുക്കൾ

ഗഡു	നിർമ്മാണ ഘട്ടം	ധനസഹായ നിരക്ക് (%)	പൂർത്തീകരിക്കേണ്ട ഘട്ടം
1	കരാർ വെക്കുമ്പോൾ	15	അടിത്തറ, ബേസ്മെന്റ്
2	ബേസ്മെന്റ് പൂർത്തീകരണം, ഭിത്തിപ്പൊക്കം പൂർത്തീകരണം	30	ഭിത്തിപ്പൊക്കം പൂർത്തീകരണം
3	മേൽക്കൂര പൂർത്തീകരണം, പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ് പൂർത്തീകരണം	40	പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, വാട്ടർ പ്രൂഫിങ്, ഇലക്ട്രിക് വർക്കുകൾ
4	വാട്ടർ പ്രൂഫിങ്, ഇലക്ട്രിക് വർക്കുകൾ	15	പണി പൂർത്തീകരിച്ച് വീട് വാസയോഗ്യമാക്കൽ

1. അടിത്തറയുടെ നിർമ്മാണത്തിന് കരിങ്കല്ല് ഉപയോഗിക്കേണ്ടതാണ്. ബേസ്മെന്റ് ഘട്ടം നിർമ്മിക്കുമ്പോൾ ശുചിമുറിയുടെ കുഴി/ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിരിക്കണം.
2. ഭിത്തിപ്പൊക്കം പണികൾ പൂർത്തീകരിക്കുമ്പോൾ ശുചിമുറിയുടെ ഭിത്തി നിർമ്മാണം കഴിഞ്ഞിരിക്കണം.

3. മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കുമ്പോൾ ശുചിമുറിയുടെ മേൽക്കൂരയും ക്ലോസറ്റ് ഘടിപ്പിക്കലും പൂർത്തീകരിക്കണം.
4. പ്ലാസ്റ്ററിങ് വർക്കുകൾക്കൊപ്പം സീലിംഗ് പ്ലാസ്റ്ററിങ്, വാട്ടർ പ്രൂഫിങ്, അടുക്കളയുടെ പണി എന്നിവ പൂർത്തീകരിക്കണം. അടുക്കളയിൽ പുകയില്ലാത്ത അടുപ്പ്/ ചിമ്മിനി, അടുപ്പുതറ, വാഷ് ബേസിൻ, സ്ലാബ് എന്നീ സൗകര്യങ്ങൾ ഉറപ്പ് വരുത്തണം.
5. ആവശ്യപ്പെടുകയാണെങ്കിൽ അവസാന ഗഡു തുകയിൽ നിന്നും ഭവന നിർമ്മാണ പുരോഗതി വിലയിരുത്തി **50%** തുക വരെ ഫിനിഷിംഗ് വർക്കുകൾക്ക് മുൻകൂർ അനുവദിക്കുന്നതിന് പി.ഒ/ റ്റി.ഡി.ഒ മാർക്ക് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാവുന്നതാണ്.

9. <u>നിർമ്മാണ ഘട്ടങ്ങളുടെ പരിശോധന</u>

1. ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഭൗതിക പരിശോധന നടത്തേണ്ടത് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ ആണ്.
2. ഐ.ടി.ഡി.പി അസിസ്റ്റന്റ് എഞ്ചിനീയർ/അക്രഡിറ്റഡ് എഞ്ചിനീയർ ഇത് സംബന്ധിച്ച സാങ്കേതിക സഹായം റ്റി.ഇ.ഓ മാർക്ക് നൽകേണ്ടതാണ്.
3. ഫീൽഡ് തലത്തിൽ നിർമ്മാണ പുരോഗതി ഉറപ്പുവരുത്തേണ്ടത് പ്രമോട്ടർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ചുമതലയാണ്.
4. ഫീൽഡ് തലത്തിലെ നിർമ്മാണ പുരോഗതി പ്രമോട്ടർ, അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും ലഭ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർ, റ്റി.ഇ.ഓ മാർക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. ഫീൽഡ് തലത്തിലെ റിപ്പോർട്ട് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും തുടർ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള അപേക്ഷ പ്രമോട്ടർ മുഖേനെ റ്റി.ഇ.ഓ ശേഖരിക്കേണ്ടതും അപേക്ഷ ലഭ്യമായി ഒരാഴ്ചയ്ക്കകം ഫീൽഡ് തല പരിശോധന നടത്തേണ്ടതും പി.ഒ/ടി.ഡി.ഒയ്ക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
6. നിർമ്മാണ പുരോഗതി റിപ്പോർട്ട്/ സ്റ്റേജ് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജിയോ റ്റാഗിങ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സംവിധാനം ഉപയോഗിക്കാവുന്നതാണ്.
7. സ്റ്റേജ് സർട്ടിഫിക്കറ്റ്/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ച്, **7** ദിവസത്തിനകം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പി.ഒ/ടി.ഡി.ഒ-മാർ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കേണ്ടതാണ്.
8. ഒന്നു മുതൽ മൂന്ന് വരെയുള്ള നിർമ്മാണ ഘട്ടങ്ങളിൽ റ്റി. ഇ. ഒ യുടെ ഭൗതിക പരിശോധന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർ ഗഡുക്കൾ അനുവദിക്കേണ്ടതാണ്.

9. അവസാന ഗഡു തുക ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ **(Completion Certificate)** അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്. എല്ലാ നിർമ്മാണ ഘട്ടങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് വാസയോഗ്യമാണെന്നും ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തണം.
10. ഭവന നിർമ്മാണം പൂർത്തിയായ ശേഷം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഗുണഭോക്താവ് ലഭ്യമാക്കിയിരിക്കണം.
11. ഭവന നിർമ്മാണ ധനസഹായ തുക ഗുണഭോക്താവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതാണ്.

വർഷത്തിൽ കുറഞ്ഞത് **3** തവണയോ ആവശ്യമുള്ളപക്ഷം അധികമായോ ടൈബൽ എക്സ്റ്റൻഷൻ ഓഫീസ് തലത്തിൽ മോണിട്ടറിംഗ് നടത്തേണ്ടതാണ്. പദ്ധതി ഘടകങ്ങളുടെ പുരോഗതി വിലയിരുത്തേണ്ടതും പ്രാദേശികതലത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തേണ്ടതുമാണ്. അസംസ്കൃത നിർമ്മാണ വസ്തുക്കൾ പ്രാദേശികമായി സംഭരണം ചെയ്യുന്നതിനും ഗുണഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്. ഭവന നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച് ഫീൽഡ് തലത്തിൽ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് ജോയിന്റ് ഡയറക്ടറാണ് സംസ്ഥാന തലത്തിൽ പദ്ധതിയുടെ നോഡൽ ഓഫീസർ. സംസ്ഥാന നോഡൽ ഓഫീസർ പദ്ധതിയുടെ പ്രതിമാസ അവലോകനം നടത്തേണ്ടതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധന വിഭാഗം ഭവന നിർമ്മാണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ പി.ഒ/ റ്റി.ഡി.ഒ ഓഫീസുകളുടെ ഓഡിറ്റ് വേളയിൽ പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ ഫീൽഡ് വിസിറ്റ് ചെയ്യേണ്ടതും, ഇതു സംബന്ധിച്ച് റിപ്പോർട്ടിൽ പ്രത്യേകം ഖണ്ഡിക ഉൾപ്പെടുത്തേണ്ടതുമാണ്.

10. മറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(കൈ) നം.**34/2018**/തസ്വഭവ തീയതി, **16.03.2018**. ഖണ്ഡിക **8** പ്രകാരം പട്ടിക വർഗ്ഗക്കാർ ഊരുകളിൽ നിർമ്മിക്കുന്ന വീടുകൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കെട്ടിട നിർമാണ പെർമിറ്റ് വാങ്ങേണ്ടതില്ല എന്ന ഉത്തരവ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് കൂടി ബാധകമാണ്. പ്രസ്തുത വീടുകൾക്ക് വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ നൽകുന്നതിന്

കെട്ടിട നമ്പർ നിർബന്ധമില്ല. **500** ചതുരശ്ര അടി വിസ്തീർണത്തിൽ തയാറാക്കിയ **12** പ്ലാനുകൾ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രസിദ്ധീകരിക്കുന്നതാണ്.

2. പദ്ധതിയിൽ നിർമ്മിക്കപ്പെടുന്ന വീടുകൾ ജിയോ ടാഗിംഗ് ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.
3. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളിൽ സോളാർ സംവിധാനം, ഗ്യാസ് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ നടപ്പിലാക്കുമ്പോൾ മുൻഗണന നൽകേണ്ടതാണ്.

****

ഉത്തരവിനൊപ്പം തയ്യാറാക്കി നൽകേണ്ട മാതൃക രേഖകളുടെ കരടുകൾ (അനുബന്ധമായി ചേർക്കുന്നു.

1. സർവ്വേ ഫോമിന്റെ മാതൃക
2. പദ്ധതി സമയക്രമം
3. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ പട്ടിക
4. വീടുകളുടെ മാതൃക പ്ലാനുകൾ **12** എണ്ണം
5. കരാർ ഉടമ്പടി മാതൃക
6. സ്റ്റേജ് ഇൻസ്പെക്ഷനുള്ള അപേക്ഷയുടെ മാതൃക
7. സ്റ്റേജ് സർട്ടിഫിക്കറ്റ്
8. പൂർത്തീകരണ സാക്ഷ്യപത്രം

അനുബന്ധം -1

കേരള സർക്കാർ
പട്ടികവർഗ്ഗ വികസന വകുപ്പ്
ഭവന നിർമ്മാണ പദ്ധതി - സമഗ്ര ഗുണഭോക്തൃ സർവ്വേ ഫോം

നമ്പർ: ..... നഗരസഭ/ഗ്രാമ പഞ്ചായത്ത്: .....
ബ്ലോക്ക്: .....

വാർഡ് നമ്പർ: ..... വാർഡിൻ്റെ പേര്: .....
ഊരിൻ്റെ പേര്: .....

(ബാധകമായ കോളത്തിൽ ☐ ടിക്ക് രേഖപ്പെടുത്തുക)

1. വ്യക്തിഗത വിവരങ്ങൾ

1. കുടുംബനാഥൻ്റെ/ നാഥയുടെ പേര്: ..... ☐ സ്ത്രീ ☐ പുരുഷൻ

2. മേൽവിലാസം: .....

3. ജാതി/ഉപവിഭാഗം (അടിയ, പണിയ, മലപണ്ടാരം തുടങ്ങിയവ വ്യക്തമാക്കുക): .....

4. റേഷൻകാർഡ് നമ്പർ: .....

5. ആധാർ നമ്പർ: .....

6. ഇലക്ഷൻ ഐ.ഡി കാർഡ് നമ്പർ: .....

7. മൊബൈൽ ഫോൺ നമ്പർ: .....

8. ബാങ്ക് അക്കൗണ്ട് നമ്പർ: ..... ബാങ്ക്/ബ്രാഞ്ച്: ..... **IFS** കോഡ്: .....

2. കുടുംബാംഗങ്ങളുടെ വിവരം (കുടുംബനാഥൻ്റെ/ നാഥയുടെ പേര് ഒന്നാമതായി നൽകുക)

ക്രമ.ന	പേര്	വയസ്സ്	തൊഴിൽ	വിദ്യാർത്ഥിയാണോ?	വൈകല്യം / അസുഖം (ബാധകമെങ്കിൽ)
1					
2					
3					

4					
5					
6					

3. അർഹതാ മാനദണ്ഡങ്ങൾ **(ST Guidelines** പ്രകാരം**)**

9. കുടുംബ വാർഷിക വരുമാനം **(3** ലക്ഷത്തിൽ താഴെയാണോ?**):** ..... രൂപ

10. കുടുംബത്തിൽ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലി/പെൻഷൻ ഉള്ളവർ ഉണ്ടോ?: ☐ ഉണ്ട് ☐ ഇല്ല

11. റേഷൻ കാർഡ് വിഭാഗം: ☐ **APL** ☐ **BPL**

12. ഏതെങ്കിലും പ്രകൃതി ദുരന്തത്തിലോ വന്യജീവിയുടെ ആക്രമണത്താലോ വീട് പൂർണമായി നഷ്ടപ്പെട്ടവരാണോ?: ☐ അതെ ☐ അല്ല

4. മുൻഗണനാ വിവരങ്ങൾ **(**മുൻഗണനാ മാർക്കിനായി**)**

13. ഭർത്താവ് മരണപ്പെട്ട/ഉപേക്ഷിക്കപ്പെട്ട വനിതകൾ കുടുംബനാഥയായ കുടുംബമാണോ?: ☐ അതെ ☐ അല്ല

14. ഭിന്നശേഷിക്കാർ/ മാരകരോഗം ബാധിച്ചവർ / മാനസികരോഗികൾ / കിടപ്പു രോഗികൾ/ സിക്കിൾ സെൽ അനീമിയ രോഗികൾ ഉള്ള കുടുംബമാണോ?: ☐ അതെ ☐ അല്ല

15. രണ്ടിലധികം വിദ്യാർത്ഥികളുള്ള കുടുംബമാണോ?: ☐ അതെ ☐ അല്ല

16. വരുമാനം **1** ലക്ഷം രൂപയിൽ താഴെയാണോ?: ☐ അതെ ☐ അല്ല

17. പ്രാക്തന ഗോത്രവർഗ്ഗം/നൊമാഡിക് മലപണ്ടാരം/അടിയ/പണിയ/അതീവ ദുർബ്ബല വിഭാഗമാണോ?: ☐ അതെ ☐ അല്ല

18. രണ്ടിലധികം ഉപകുടുംബങ്ങളുള്ള കുടുംബമാണോ?: ☐ അതെ ☐ അല്ല

5. വീട് സംബന്ധിച്ച വിവരങ്ങൾ

19. നിലവിൽ സ്വന്തമായി വീടുണ്ടോ: ☐ ഉണ്ട് ☐ ഇല്ല

20. ഉണ്ടെങ്കിൽ വീടിന്റെ പഴക്കം: ..... വർഷം (അവസാന ഗഡു ലഭിച്ച് **15** വർഷം കഴിഞ്ഞോ? ☐ അതെ ☐ അല്ല)

21. നിലവിലെ വീട് വാസയോഗ്യമാണോ?: ☐ അതെ ☐ അല്ല

6. ഭൂമി സംബന്ധിച്ച വിവരങ്ങൾ

22. ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമിയുണ്ടോ (സ്ഥലത്തിൻ്റെ ഉടമ പട്ടികവർഗ്ഗക്കാരനായിരിക്കണം): ☐ ഉണ്ട് ☐ ഇല്ല

23. കുടുംബത്തിൻ്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം:
(എ) വിസ്തീർണ്ണം: ..... സെൻ്റ് (ബി) സർവ്വേ/റീസർവ്വേ നമ്പർ: .....
(സി) വില്ലേജ്: ..... (ഡി) താലൂക്ക്: .....

24. ഉടമസ്ഥാവകാശം: ☐ സ്വന്തം ☐ കൂട്ടുസ്വത്ത് (കൂട്ടുസ്വത്തെങ്കിൽ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ? ☐ അതെ ☐ അല്ല)

25. ഭൂമിയുടെ രേഖ: ☐ പട്ടയം/കരം അടച്ച രസീത് ☐ വനാവകാശ രേഖ ☐ ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം

7. മുൻകാല ധനസഹായം

26. ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത്, സർക്കാർ വകുപ്പുകൾ എന്നിവയിൽ നിന്നും ഭൂമി/ഭവന നിർമ്മാണം / ഭവനപുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ ? ☐ അതെ ☐ അല്ല

സ്ഥലം: .....
തീയതി: .....

കുടുംബ നാഥൻ്റെ/ നാഥയുടെ ഒപ്പ്: .....
പേര്: .....

വിവരങ്ങൾ ശേഖരിച്ച ടൈബൽ പ്രൊമോട്ടറുടെ പേര്, ഒപ്പ്: .....

വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേര്, ഒപ്പ്: .....

അനുബന്ധം -2

പദ്ധതി നടത്തിപ്പ് – സമയക്രമം

–

ക്രമ നം	നടപടി	സമയക്രമം
1	പ്രാഥമിക സർവ്വേ	നവംബർ, ഡിസംബർ
2	ഭൗതിക പരിശോധന	ജനുവരി
3	ഊരുകൂട്ടം	ഫെബ്രുവരി
4	കരട് പട്ടിക പ്രസിദ്ധീകരണം, അന്തിമ പട്ടിക പ്രസിദ്ധീകരണം	മാർച്ച്
5	ഗുണഭോക്താക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ, കരാർ ഒപ്പു വയ്ക്കൽ, ആദ്യ ഘട്ട തുക അനുവദിക്കൽ	ഏപ്രിൽ

അനുബന്ധം -3

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

A. ജാതി / വരുമാന സർട്ടിഫിക്കറ്റുകൾ
B. സ്ഥലം സംബന്ധിച്ച രേഖകൾ
C. റേഷൻ കാർഡിന്റെ പകർപ്പ്
D. ആധാർ കാർഡ്
E. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
F. ഊരുകൂട്ടം മിനിട്സിന്റെ പകർപ്പ്
G. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം.
H. മുൻഗണന മാനദണ്ഡങ്ങൾ സാധൂകരിക്കുന്നതിന് ഉതകുന്ന രേഖകൾ.

അനുബന്ധം -4

കരാർ പത്രം (മാതൃക)

. .. . ഭവന നിർമ്മാണം (പദ്ധതി വർഷം: **2026-2027**)

.....ആണ്ട് .....മാസം .....തീയതി ..... ജില്ലയിൽ ..... താലൂക്കിൽ ..... ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ..... വാർഡിൽ .....മേൽവിലാസത്തിൽ താമസിക്കുന്ന .....മകൻ/മകൾ/ഭാര്യ .....വയസ്സുള്ള ..... ഒന്നാം കക്ഷിയായും ..... പട്ടികവർഗ്ഗ വികസന വകുപ്പിനെ പ്രതിനിധീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ (.....) രണ്ടാം കക്ഷിയായും എഴുതി ഒപ്പിട്ട കരാർ.

.....ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ .....വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള. എന്നയാളെ ഭവന ഗുണഭോക്താവായി ഒന്നാം കക്ഷിയെ തിരഞ്ഞെടുത്തിരിക്കുന്നു. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടി ഈ കരാർ ഉടമ്പടി ഒപ്പിട്ട് ഇതിലെ വ്യവസ്ഥകൾ പാലിക്കുവാൻ ഒന്നാം കക്ഷി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

<u>വ്യവസ്ഥകൾ</u>

ഒന്നാം കക്ഷിയുടെ ചുമതലകൾ

1. ..... ഗുണഭോക്താവ് തൻ്റെ/ഭർത്താവിൻ്റെ ഉടമസ്ഥതയിലുള്ള/ കൂട്ടവകാശത്തിലുള്ള .....ജില്ലയിൽ .....താലൂക്കിൽ .....വില്ലേജിൽ.....സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള .....സെന്റ് ഭൂമിയിൽ . . .. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം നടത്താൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. നിർവ്വഹണ പ്രവൃത്തി കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ചെയ്യുന്നതാണ്.
2. ഒന്നാം കക്ഷി അംഗീകരിച്ച ടൈപ്പ് ഡിസൈൻ (ടൈപ്പ് ഡിസൈൻ നമ്പർ..../പ്രത്യേക ഡിസൈൻ) അനുസരിച്ച് ഭവനം നിർമ്മിക്കുന്നതിന് കരാർ സമർപ്പിക്കുന്നത് മുതൽ വിവിധ നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാകുന്നതിനനുസരിച്ച് അഞ്ച് ഗഡുക്കളായി **(15%, 15%, 25%, 25%, 20%)** പരമാവധി . . . . ലക്ഷം/.....ലക്ഷം രൂപ ഒന്നാം കക്ഷിക്ക് നൽകുന്നതാണ്.
3. വ്യാജ രേഖകൾ ഹാജരാക്കിയോ, തെറ്റിദ്ധരിപ്പിച്ചോ, മറ്റേതെങ്കിലും തരത്തിലോ ഗുണഭോക്തൃ പട്ടികയിൽ കടന്നുകൂടിയ അനർഹർ എന്ന് തെളിയുന്ന പക്ഷം, ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒന്നാം കക്ഷിയെ ഒഴിവാക്കാവുന്നതാണ് എന്നും, അങ്ങനെ സംഭവിക്കുന്ന പക്ഷം ആ അവസരത്തിൽ പദ്ധതി പ്രകാരം ഏതെങ്കിലും ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, പ്രസ്തുത തുക പലിശ സഹിതം തിരിച്ചടക്കാമെന്നും

ഒന്നാം കക്ഷി വാഗ്ദാനം ചെയ്യുന്നു. കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ഗുണഭോക്താവിനെ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതും നൽകിയ സാമ്പത്തിക സഹായം **12%** പലിശ സഹിതം ഒന്നാം കക്ഷിക്ക് തിരികെ നൽകേണ്ടതുമാണ്.

4. കരാറിൽ ഏർപ്പെട്ട് **12** മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണ്.
5. നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് **12** വർഷക്കാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറുന്നതല്ല.
6. പദ്ധതി മാർഗ നിർദ്ദേശം, പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ എന്നിവ ഈ കരാറിൻ്റെ ഭാഗമായിരിക്കുന്നതും, ആയതിലെ വ്യവസ്ഥകൾ ഒന്നാം കക്ഷി പാലിക്കുന്നതുമാണ്.
7. കരാറിന്റെ വ്യവസ്ഥയനുസരിച്ച് രണ്ടാം കക്ഷിയിൽ നിന്നും കൈപ്പറ്റിയിട്ടുള്ള തുക ഭവന നിർമ്മാണത്തിനായി വിനിയോഗം നടത്താതിരിക്കുകയോ, ദുർവിനിയോഗം നടത്തുകയോ ചെയ്താൽ ധനസഹായ തുക മുഴുവനും **12%** പലിശ സഹിതം ഒന്നാം കക്ഷി തിരിച്ചടക്കേണ്ടതും അല്ലെങ്കിൽ ഒന്നാം കക്ഷിയിൽ നിന്ന് തുക ഈടാക്കുവാൻ രണ്ടാം കക്ഷിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

രണ്ടാം കക്ഷിയുടെ ചുമതലകൾ

1. തിരഞ്ഞെടുത്ത ഗുണഭോക്താവിന് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം യഥാവിധി നൽകുന്നതാണ്.
2. ഓരോ ഘട്ടം പണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിച്ചുകൊള്ളാമെന്ന് ഇരു കക്ഷികളും സമ്മതിച്ച് ഇതിനാൽ കരാർ ഒപ്പ് വയ്ക്കുന്നു.

1. ഒന്നാം കക്ഷി
2. രണ്ടാം കക്ഷി

സാക്ഷികൾ:

1.

2.

അനുബന്ധം. **5**

സ്റ്റേജ് ഇൻസ്പെക്ഷനുള്ള മാതൃക

–

.....പഞ്ചായത്ത്/നഗരസഭയിലെ/വകുപ്പിലെ ഗുണഭോക്താവായ ഞാൻ.....ഭവനത്തിൻ്റെ (ബെയ്സ് മെൻ്റ്/ഭിത്തിപൊക്കം/മേൽക്കൂര/പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡു തുക അനുവദിക്കാൻ താല്പര്യപ്പെടുന്നു.

തീയതി:
സ്ഥലം:
ഒപ്പ്:
ഗുണഭോക്താവിൻ്റെ പേര്:

അനുബന്ധം. **6**

സ്റ്റേജ് സർട്ടിഫിക്കറ്റ്

ഗുണഭോക്താവിൻ്റെ ഭവന നിർമ്മാണം (ബെയ്സ് മെൻ്റ്/ഭിത്തിപൊക്കം/മേൽക്കൂര/പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തിയായ സാഹചര്യത്തിൽ തുടർന്നുള്ള ഗഡു അനുവദിക്കാവുന്നതാണ്.

ഒപ്പ്:
പരിശോധകൻ്റെ/നിർവഹണ ഉദ്യോഗസ്ഥൻ്റെ പേര്:
ഉദ്യോഗപ്പേര്:
തീയതി:
സ്ഥലം:

അനുബന്ധം -1

കേരള സർക്കാർ
പട്ടികവർഗ്ഗ വികസന വകുപ്പ്
ഭവന നിർമ്മാണ പദ്ധതി - സമഗ്ര ഗുണഭോക്തൃ സർവ്വേ ഫോം

നമ്പർ: ..... നഗരസഭ/ഗ്രാമ പഞ്ചായത്ത്: .....
ബ്ലോക്ക്: .....

വാർഡ് നമ്പർ: ..... വാർഡിൻ്റെ പേര്: .....
ഊരിൻ്റെ പേര്: .....

(ബാധകമായ കോളത്തിൽ ☐ ടിക്ക് രേഖപ്പെടുത്തുക)

1. വ്യക്തിഗത വിവരങ്ങൾ

1. കുടുംബനാഥൻ്റെ/ നാഥയുടെ പേര്: ..... ☐ സ്ത്രീ ☐ പുരുഷൻ

2. മേൽവിലാസം: .....

3. ജാതി/ഉപവിഭാഗം (അടിയ, പണിയ, മലപണ്ടാരം തുടങ്ങിയവ വ്യക്തമാക്കുക): .....

4. റേഷൻകാർഡ് നമ്പർ: .....

5. ആധാർ നമ്പർ: .....

6. ഇലക്ഷൻ ഐ.ഡി കാർഡ് നമ്പർ: .....

7. മൊബൈൽ ഫോൺ നമ്പർ: .....

8. ബാങ്ക് അക്കൗണ്ട് നമ്പർ: ..... ബാങ്ക്/ബ്രാഞ്ച്: ..... **IFS** കോഡ്: .....

2. കുടുംബാംഗങ്ങളുടെ വിവരം (കുടുംബനാഥൻ്റെ/ നാഥയുടെ പേര് ഒന്നാമതായി നൽകുക)

ക്രമ.ന	പേര്	വയസ്സ്	തൊഴിൽ	വിദ്യാർത്ഥിയാണോ?	വൈകല്യം / അസുഖം (ബാധകമെങ്കിൽ)
1					
2					
3					

4					
5					
6					

3. അർഹതാ മാനദണ്ഡങ്ങൾ **(ST Guidelines** പ്രകാരം**)**

9. കുടുംബ വാർഷിക വരുമാനം **(3** ലക്ഷത്തിൽ താഴെയാണോ?**):** ..... രൂപ

10. കുടുംബത്തിൽ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലി/പെൻഷൻ ഉള്ളവർ ഉണ്ടോ?: ☐ ഉണ്ട് ☐ ഇല്ല

11. റേഷൻ കാർഡ് വിഭാഗം: ☐ **APL** ☐ **BPL**

12. ഏതെങ്കിലും പ്രകൃതി ദുരന്തത്തിലോ വന്യജീവിയുടെ ആക്രമണത്താലോ വീട് പൂർണമായി നഷ്ടപ്പെട്ടവരാണോ?: ☐ അതെ ☐ അല്ല

4. മുൻഗണനാ വിവരങ്ങൾ **(**മുൻഗണനാ മാർക്കിനായി**)**

13. ഭർത്താവ് മരണപ്പെട്ട/ഉപേക്ഷിക്കപ്പെട്ട വനിതകൾ കുടുംബനാഥയായ കുടുംബമാണോ?: ☐ അതെ ☐ അല്ല

14. ഭിന്നശേഷിക്കാർ/ മാരകരോഗം ബാധിച്ചവർ / മാനസികരോഗികൾ / കിടപ്പു രോഗികൾ/ സിക്കിൾ സെൽ അനീമിയ രോഗികൾ ഉള്ള കുടുംബമാണോ?: ☐ അതെ ☐ അല്ല

15. രണ്ടിലധികം വിദ്യാർത്ഥികളുള്ള കുടുംബമാണോ?: ☐ അതെ ☐ അല്ല

16. വരുമാനം **1** ലക്ഷം രൂപയിൽ താഴെയാണോ?: ☐ അതെ ☐ അല്ല

17. പ്രാക്തന ഗോത്രവർഗ്ഗം/നൊമാഡിക് മലപണ്ടാരം/അടിയ/പണിയ/അതീവ ദുർബ്ബല വിഭാഗമാണോ?: ☐ അതെ ☐ അല്ല

18. രണ്ടിലധികം ഉപകുടുംബങ്ങളുള്ള കുടുംബമാണോ?: ☐ അതെ ☐ അല്ല

5. വീട് സംബന്ധിച്ച വിവരങ്ങൾ

19. നിലവിൽ സ്വന്തമായി വീടുണ്ടോ: ☐ ഉണ്ട് ☐ ഇല്ല

20. ഉണ്ടെങ്കിൽ വീടിന്റെ പഴക്കം: ..... വർഷം (അവസാന ഗഡു ലഭിച്ച് **15** വർഷം കഴിഞ്ഞോ? ☐ അതെ ☐ അല്ല)

21. നിലവിലെ വീട് വാസയോഗ്യമാണോ?: ☐ അതെ ☐ അല്ല

6. ഭൂമി സംബന്ധിച്ച വിവരങ്ങൾ

22. ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമിയുണ്ടോ (സ്ഥലത്തിൻ്റെ ഉടമ പട്ടികവർഗ്ഗക്കാരനായിരിക്കണം): ☐ ഉണ്ട് ☐ ഇല്ല

23. കുടുംബത്തിൻ്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം:
(എ) വിസ്തീർണ്ണം: ..... സെൻ്റ് (ബി) സർവ്വേ/റീസർവ്വേ നമ്പർ: .....
(സി) വില്ലേജ്: ..... (ഡി) താലൂക്ക്: .....

24. ഉടമസ്ഥാവകാശം: ☐ സ്വന്തം ☐ കൂട്ടുസ്വത്ത് (കൂട്ടുസ്വത്തെങ്കിൽ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ? ☐ അതെ ☐ അല്ല)

25. ഭൂമിയുടെ രേഖ: ☐ പട്ടയം/കരം അടച്ച രസീത് ☐ വനാവകാശ രേഖ ☐ ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം

7. മുൻകാല ധനസഹായം

26. ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത്, സർക്കാർ വകുപ്പുകൾ എന്നിവയിൽ നിന്നും ഭൂമി/ഭവന നിർമ്മാണം / ഭവനപുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ ? ☐ അതെ ☐ അല്ല

സ്ഥലം: .....
തീയതി: .....

കുടുംബ നാഥൻ്റെ/ നാഥയുടെ ഒപ്പ്: .....
പേര്: .....

വിവരങ്ങൾ ശേഖരിച്ച ടൈബൽ പ്രൊമോട്ടറുടെ പേര്, ഒപ്പ്: .....

വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ ടൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേര്, ഒപ്പ്: .....

അനുബന്ധം -2

പദ്ധതി നടത്തിപ്പ് – സമയക്രമം

–

ക്രമ നം	നടപടി	സമയക്രമം
1	പ്രാഥമിക സർവ്വേ	നവംബർ, ഡിസംബർ
2	ഭൗതിക പരിശോധന	ജനുവരി
3	ഊരുകൂട്ടം	ഫെബ്രുവരി
4	കരട് പട്ടിക പ്രസിദ്ധീകരണം, അന്തിമ പട്ടിക പ്രസിദ്ധീകരണം	മാർച്ച്
5	ഗുണഭോക്താക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ, കരാർ ഒപ്പു വയ്ക്കൽ, ആദ്യ ഘട്ട തുക അനുവദിക്കൽ	ഏപ്രിൽ

അനുബന്ധം -3

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

A. ജാതി / വരുമാന സർട്ടിഫിക്കറ്റുകൾ
B. സ്ഥലം സംബന്ധിച്ച രേഖകൾ
C. റേഷൻ കാർഡിന്റെ പകർപ്പ്
D. ആധാർ കാർഡ്
E. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
F. ഊരുകൂട്ടം മിനിട്സിന്റെ പകർപ്പ്
G. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം.
H. മുൻഗണന മാനദണ്ഡങ്ങൾ സാധൂകരിക്കുന്നതിന് ഉതകുന്ന രേഖകൾ.

അനുബന്ധം -4

കരാർ പത്രം (മാതൃക)

. .. . ഭവന നിർമ്മാണം (പദ്ധതി വർഷം: **2026-2027**)

.....ആണ്ട് .....മാസം .....തീയതി ..... ജില്ലയിൽ ..... താലൂക്കിൽ ..... ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ..... വാർഡിൽ .....മേൽവിലാസത്തിൽ താമസിക്കുന്ന .....മകൻ/മകൾ/ഭാര്യ .....വയസ്സുള്ള ..... ഒന്നാം കക്ഷിയായും ..... പട്ടികവർഗ്ഗ വികസന വകുപ്പിനെ പ്രതിനിധീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ (.....) രണ്ടാം കക്ഷിയായും എഴുതി ഒപ്പിട്ട കരാർ.

.....ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ .....വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള. എന്നയാളെ ഭവന ഗുണഭോക്താവായി ഒന്നാം കക്ഷിയെ തിരഞ്ഞെടുത്തിരിക്കുന്നു. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടി ഈ കരാർ ഉടമ്പടി ഒപ്പിട്ട് ഇതിലെ വ്യവസ്ഥകൾ പാലിക്കുവാൻ ഒന്നാം കക്ഷി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

<u>വ്യവസ്ഥകൾ</u>

ഒന്നാം കക്ഷിയുടെ ചുമതലകൾ

1. ..... ഗുണഭോക്താവ് തൻ്റെ/ഭർത്താവിൻ്റെ ഉടമസ്ഥതയിലുള്ള/ കൂട്ടവകാശത്തിലുള്ള .....ജില്ലയിൽ .....താലൂക്കിൽ .....വില്ലേജിൽ.....സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള .....സെന്റ് ഭൂമിയിൽ . . .. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം നടത്താൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. നിർവ്വഹണ പ്രവൃത്തി കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ചെയ്യുന്നതാണ്.
2. ഒന്നാം കക്ഷി അംഗീകരിച്ച ടൈപ്പ് ഡിസൈൻ (ടൈപ്പ് ഡിസൈൻ നമ്പർ..../പ്രത്യേക ഡിസൈൻ) അനുസരിച്ച് ഭവനം നിർമ്മിക്കുന്നതിന് കരാർ സമർപ്പിക്കുന്നത് മുതൽ വിവിധ നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാകുന്നതിനനുസരിച്ച് അഞ്ച് ഗഡുക്കളായി **(15%, 15%, 25%, 25%, 20%)** പരമാവധി . . . . ലക്ഷം/.....ലക്ഷം രൂപ ഒന്നാം കക്ഷിക്ക് നൽകുന്നതാണ്.
3. വ്യാജ രേഖകൾ ഹാജരാക്കിയോ, തെറ്റിദ്ധരിപ്പിച്ചോ, മറ്റേതെങ്കിലും തരത്തിലോ ഗുണഭോക്തൃ പട്ടികയിൽ കടന്നുകൂടിയ അനർഹർ എന്ന് തെളിയുന്ന പക്ഷം, ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒന്നാം കക്ഷിയെ ഒഴിവാക്കാവുന്നതാണ് എന്നും, അങ്ങനെ സംഭവിക്കുന്ന പക്ഷം ആ അവസരത്തിൽ പദ്ധതി പ്രകാരം ഏതെങ്കിലും ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, പ്രസ്തുത തുക പലിശ സഹിതം തിരിച്ചടക്കാമെന്നും

ഒന്നാം കക്ഷി വാഗ്ദാനം ചെയ്യുന്നു. കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ഗുണഭോക്താവിനെ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതും നൽകിയ സാമ്പത്തിക സഹായം **12%** പലിശ സഹിതം ഒന്നാം കക്ഷിക്ക് തിരികെ നൽകേണ്ടതുമാണ്.

4. കരാറിൽ ഏർപ്പെട്ട് **12** മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണ്.
5. നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് **12** വർഷക്കാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറുന്നതല്ല.
6. പദ്ധതി മാർഗ നിർദ്ദേശം, പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ എന്നിവ ഈ കരാറിൻ്റെ ഭാഗമായിരിക്കുന്നതും, ആയതിലെ വ്യവസ്ഥകൾ ഒന്നാം കക്ഷി പാലിക്കുന്നതുമാണ്.
7. കരാറിന്റെ വ്യവസ്ഥയനുസരിച്ച് രണ്ടാം കക്ഷിയിൽ നിന്നും കൈപ്പറ്റിയിട്ടുള്ള തുക ഭവന നിർമ്മാണത്തിനായി വിനിയോഗം നടത്താതിരിക്കുകയോ, ദുർവിനിയോഗം നടത്തുകയോ ചെയ്താൽ ധനസഹായ തുക മുഴുവനും **12%** പലിശ സഹിതം ഒന്നാം കക്ഷി തിരിച്ചടക്കേണ്ടതും അല്ലെങ്കിൽ ഒന്നാം കക്ഷിയിൽ നിന്ന് തുക ഈടാക്കുവാൻ രണ്ടാം കക്ഷിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

രണ്ടാം കക്ഷിയുടെ ചുമതലകൾ

1. തിരഞ്ഞെടുത്ത ഗുണഭോക്താവിന് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം യഥാവിധി നൽകുന്നതാണ്.
2. ഓരോ ഘട്ടം പണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിച്ചുകൊള്ളാമെന്ന് ഇരു കക്ഷികളും സമ്മതിച്ച് ഇതിനാൽ കരാർ ഒപ്പ് വയ്ക്കുന്നു.

1. ഒന്നാം കക്ഷി
2. രണ്ടാം കക്ഷി

സാക്ഷികൾ:

1.

2.

അനുബന്ധം. **5**

സ്റ്റേജ് ഇൻസ്പെക്ഷനുള്ള മാതൃക

–

.....പഞ്ചായത്ത്/നഗരസഭയിലെ/വകുപ്പിലെ ഗുണഭോക്താവായ ഞാൻ.....ഭവനത്തിൻ്റെ (ബെയ്സ് മെൻ്റ്/ഭിത്തിപൊക്കം/മേൽക്കൂര/പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡു തുക അനുവദിക്കാൻ താല്പര്യപ്പെടുന്നു.

തീയതി:
സ്ഥലം:
ഒപ്പ്:
ഗുണഭോക്താവിൻ്റെ പേര്:

അനുബന്ധം. **6**

സ്റ്റേജ് സർട്ടിഫിക്കറ്റ്

ഗുണഭോക്താവിൻ്റെ ഭവന നിർമ്മാണം (ബെയ്സ് മെൻ്റ്/ഭിത്തിപൊക്കം/മേൽക്കൂര/പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തിയായ സാഹചര്യത്തിൽ തുടർന്നുള്ള ഗഡു അനുവദിക്കാവുന്നതാണ്.

ഒപ്പ്:
പരിശോധകൻ്റെ/നിർവഹണ ഉദ്യോഗസ്ഥൻ്റെ പേര്:
ഉദ്യോഗപ്പേര്:
തീയതി:
സ്ഥലം: